(സി) 8.50 ലക്ഷം രൂപയാണ് ഇതിലേക്ക് ആയി ബഡ്ജറ്റ് വിഹിതമുള്ളത്. ഇതു മുഴുവനും വിനിയോഗിച്ചുകഴിഞ്ഞു.

(ഡി) 750 രൂപയിൽ കുറഞ്ഞ മാസവരുമാനമുള്ളവരും, 15 വർഷം സർക്കസ് കമ്പനിയിൽ ജോലിനോക്കിയവരുമായ 45 വയസ്സിൽ കൂടുതൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്കും സർക്കസ് പെൻഷന് അർഹതയുണ്ട്. നിർദ്ദിഷ്ട അപേക്ഷ, വരുമാന സർട്ടിഫിക്കറ്റ്, തഹസീൽദാരുടെ അന്വേഷണ റിപ്പോർട്ട്, വയസ്സും ജനനത്തീയതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സർക്കസ് കമ്പനിയിലെ പരിചയ സർട്ടിഫിക്കറ്റ് എന്നീ രേഖകളോടെ ജില്ലാ കളക്ടർക്ക് ആണ് നൽകേണ്ടത്. ജില്ലാ കളക്ടറുടെ ശുപാർശയോടെ ഈ അപേക്ഷകൾ കായിക യുവജനകാര്യ ഡയറക്ടർ സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിലേക്കായി ശുപാർശയോടെ ഗവൺമെന്റിലേക്ക് അയയ്ക്കുകയുമാണ് നിലവിലുള്ള നടപടിക്രമം. ഗവൺമെന്റ്തലത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ സർക്കസ് കമ്മിറ്റിയാണ് അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നത്. 1.4.1999 മുതൽ, മണിയോർ കമ്മീഷൻ ഉൾപ്പെടെ പ്രതിമാസം 525 രൂപയാണ് സർക്കസ് പെൻഷൻ.

21 (1235) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) ഈ ജീവനക്കാർക്ക് പെൻഷൻ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി. വഴിയാണോ; അല്ലെങ്കിൽ ഇന്നുള്ള നിയമന നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഗ്രാന്റ് ഇൻ എയ്ഡ് നൽകുന്ന (സന്നദ്ധ സംഘടനകൾ ഉൾപ്പെടെ) ഏതാണ്ട് 30 സ്ഥാപനങ്ങൾ ഉണ്ടെങ്കിലും സർക്കാർ അംഗീകരിച്ച സേവന വേതന നിയമന വ്യവസ്ഥകൾ നിലവിലുള്ള 8 സ്ഥാപനങ്ങൾ മാത്രമേ സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഉള്ളൂ. ഓരോ സ്ഥാപനത്തിനും പ്രത്യേകമായുള്ള സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നിയമന, സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിരിക്കുന്നത്.

(ബി) കേരള കലാമണ്ഡലം എന്ന സ്ഥാപനത്തിന് പെൻഷൻ പദ്ധതി നിലവിലുണ്ട്. മറ്റ് ഏഴ് സാംസ്കാരിക സ്ഥാപനങ്ങളിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സാംസ്കാരിക വകുപ്പിന്റെ കീഴിലെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങൾ പി.എ

LIBRARY ARCHIVES Kerala Legislative Assembly

സ്.സി. മുഖാന്തിരം നടത്തുന്നതിൽ 18.3.1999-ലെ സ.ഉ.ജി.ഒ.(പി)35/99/സാംസ്കാരിക വകുപ്പുപ്രകാരം ഉത്തരവായിട്ടുണ്ട്.

അക്കാദമികളിലെ നിയമനം പി.എസ്.സി.വഴിയല്ല. അതതു സ്ഥാപനങ്ങളിലെ നിയമന വ്യവസ്ഥകളനുസരിച്ചാണ് നിയമനം നടത്തുന്നത്.

22 (1236) അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ സ്മൃതിമണ്ഡപം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ മഹാകവി അന്ത്യവിശ്രമം കൊള്ളുന്ന സ്ഥാനത്ത് ഒരു സ്മൃതിമണ്ഡപം പണിയുന്നതിന് എത്ര ലക്ഷം രൂപയാണ് ഗവൺമെന്റ് സഹായമായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ കുഞ്ചൻസ്മാരക സമിതി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമ്പലപ്പുഴ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഇതിന് ചെറിയ തോതിൽ ധനസഹായം അനുവദിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ആവശ്യത്തിന് എം.പി. ഫണ്ടിൽനിന്നും എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഇ) സർക്കാരിന്റെ സഹായധനം ലഭ്യമാക്കി ഈവർഷംതന്നെ ഇതിന്റെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വർഷംതോറും സർക്കാർ ധനസഹായം അനുവദിച്ചു വരുന്നു. സ്മൃതിമണ്ഡപം പണിയുന്നതിനായി റവന്യൂ വകുപ്പു മുഖാന്തിരം സ്ഥലവും അനുവദിച്ചുകഴിഞ്ഞു.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) സർക്കാരിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

23 (1237) വടക്കൻപാട്ട് ശേഖരിച്ച് സംരക്ഷിക്കാൻ നടപടി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഴയ സാംസ്കാരിക കേന്ദ്രമായ കടത്തനാടിന്റെ പ്രത്യേകതയായ വടക്കൻ പാട്ടുകളും, ലോകമലയാർകാവുമായി ബന്ധ

LIBRARY ARCHIVES Kerala Legislative Assembly